പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1835 | 05.12.2014 ൽ മറുപടിയ്ക്കുണ്ടായിരുന്നത് |
|---|---|
| കൽപ്പറ്റ കട്ടുനായ്ക്ക കോളനിയിലെ മരണം | |
| ചോദ്യം | ഉത്തരം |
| ശ്രീ.വി.ചെന്താമരാക്ഷൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) പോഷകാഹാരക്കുറവും അജ്ഞാത രോഗവും കൊണ്ട് കൽപ്പറ്റ കാട്ടുനായ്ക്ക കോളനിയിൽ ഒരു വർഷത്തിനിടെ 12 പേർ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അജ്ഞാതരോഗം എന്തെന്ന് കണ്ടെത്തി യിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) പോഷകാഹാരക്കുറവും ശുദ്ധജല ലഭ്യതയും ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) അധികാര വികേന്ദ്രീകൃതാസൂത്രണ പദ്ധതിയെ തുടർന്ന് അങ്കണവാടികളിലെ പോഷകാഹാര വിതരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് വച്ചാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. പോഷകാഹാര വിതരണത്തിൽ കേന്ദ്ര സർക്കാരിന്റെയും ബഹു.സുപ്രീം കോടതിയുടെയും നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾ, അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷകാഹാരം റോ ഫുഡ് ആയി വീട്ടിലേയ്ക്ക് കൊടുത്തു വിടുന്നുണ്ട്. അങ്കണവാടി പ്രവർത്തനത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതല പ്രാഥമികമായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണ്. |

| | |
|---|---|
| (സി) നടപ്പിലാക്കിയ ആരോഗ്യ സുരക്ഷിതത്വ നടപടികൾ വിശദമാക്കാമോ? | (സി) എല്ലാ കോളനികളിലും അങ്കണവാടി പ്രവർത്തകർ അമ്മമാരുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നു. തൂക്കം കുറഞ്ഞ കുട്ടികൾക്ക് ഡബിൾ റേഷൻ നൽകുന്നതോടൊപ്പം ഡോക്ടറുടെ സേവനവും ലഭ്യമാക്കുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വിളർച്ചയ്ക്കുള്ള അയൺ ഗുളികകൾ വിതരണം ചെയ്യുന്നു. കൂടാതെ എല്ലാ കോളനികളിലും കുത്തിവെയ്പുകളും ആരോഗ്യ ക്ലാസ്സുകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ